**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3171 — 10/12/2018-ൽ മറുപടിയ്ക്ക്

**വടവുകോട് എൽ.പി.സ്കൂൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൽ.പി/യു.പി സ്കൂൾ വിഭാഗങ്ങൾക്കായി അനുവദിച്ച ഒരു കോടി രൂപയുടെ ഫണ്ട് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി വടവുകോട് എൽ.പി. സ്കൂളിന് അനുവദിച്ചെങ്കിലും നാളിതുവരെയായി യാതൊരു പ്രവൃത്തിയും തുടങ്ങാത്തതിനും നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടതിനും മതിയായ കാരണമുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>(ബി) കാലതാമസത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | വടവുകോട് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ സത്വരമായി ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിയായ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിൽ വളവുകോട് എൽ.പി.സ്കൂൾ എന്നതിന് പകരം വളവുകോട് യു.പി.സ്കൂൾ എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഈ പിശക് തിരുത്തി 11/10/2018-ൽ ജി.ഒ(ആർ.ടി) നം. 4133/18/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രവൃത്തി അടിയന്തിരമായി ആരംഭിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാരണത്താലാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം ഉണ്ടായത്. |

Reena
സെക്ഷൻ ഓഫീസർ